# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2879

13/07/2015 ൽ
മറുപടിക്ക്

**വയനാട് എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം**

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വയനാട് എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് മൂന്ന് വർഷം കഴിഞ്ഞിട്ടും മറ്റു ജില്ലകളെ അപേക്ഷിച്ച് നിയമനം വളരെ കുറവാണ് നടന്നിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കഴിഞ്ഞ എൽ.ഡി. ടൈപ്പിസ്റ്റ് ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് നിയമനം നൽകിയത് എന്ന് അറിയിക്കാമോ ; | (ബി) 194 പേർക്ക് നിയമന ശിപാർശ നൽകി. |
| (സി) നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്നും നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് എന്നും അറിയിക്കുമോ ; | (സി) 68 പേർക്ക് നിയമന ശിപാർശ നൽകി. റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു ഒഴിവ് നിലവിലുണ്ട്. ആയതിലേക്ക് ഉടൻ നിയമന ശിപാർശ നൽകുന്നതാണ്. |
| (ഡി) ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകൾ ഉൾപ്പെടെ വേഗത്തിൽ റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) നിലവിലുള്ളതും ഉണ്ടാകുന്നതുമായ ഒഴിവുകൾ അതാതു മാസം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ